# ആരോഗ്യ കേരളം

arogyakeralam newsletter

May 2025

Follow us on


arogyakeralam.gov.in

## അഭിമാനത്തോടെ എന്റെ കേരളം ആരോഗ്യത്തോടെ



## 4 വർഷങ്ങൾ
## കൈ നിറയെ പുരസ്കാരങ്ങൾ

- ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരങ്ങൾ തുടർച്ചയായി 3 വർഷങ്ങൾ ലഭിച്ചു.
- ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ 2022ലും 2023ലും. ഏറ്റവും മികച്ച രീതിയിൽ ഏകോപിപ്പിച്ച സംസ്ഥാനം.
- ഹീമോഫീലിയ വിവര ശേഖരണത്തിനും ഏകോപനത്തിനും അന്തർദേശിയ അംഗീകാരം
- കാഴ്ച പരിമിതർക്കായി സജ്ജമാക്കിയ സേവനത്തിന് പ്രത്യേക ആരോഗ്യ മന്ഥൻ 2023 പുരസ്കാരം.
- അനുവദിച്ച തുക പൂർണമായും വിനിയോഗം നടത്തിയ സംസ്ഥാനം.
- ഗുണഭോക്താക്കൾക്ക് ഏറ്റവും കൂടുതൽ ബെഡുകൾ എംപാനൽ ചെയ്ത സംസ്ഥാനത്തിനുള്ള അവാർഡ്.
- കുറഞ്ഞത് ഒരു ആയുഷ്മാൻ കാർഡ് എങ്കിലുമുള്ള 90% കുടുംബങ്ങൾക്ക് മുകളിലുമുള്ള സംസ്ഥാനം.
- സംസ്ഥാന ആശാധാര പദ്ധതിയ്ക്ക് ദേശീയ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ്.
- ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ തുടർച്ചയായ രണ്ട് വർഷങ്ങളിൽ (2022, 2023) കേരളം ഒന്നാമത്.
- കേരളത്തിന്റെ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് നാഷണൽ ഹെൽത്ത് കെയർ അവാർഡ്.
- ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ച്ചവച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ്.
- മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റിനുള്ള ദേശീയ അവാർഡ്.
- മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനത്തിന് കേരളത്തിന് ദേശീയ അവാർഡ് (2024).
- ദേശീയ  തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്  (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ ഒന്നാം സ്ഥാനം. ദേശീയ  തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്  (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളം റണ്ണർ അപ്പായി.
- ഇന്ത്യാ ടുഡേയുടെ 'ഹെൽത്ത് ഗിരി' അവാർഡ്.
- ഇ സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് എന്നീ സംരംഭങ്ങൾക്ക് ഗവേർണസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ് ഫർമേഷൻ അവാർഡ്
- വനിതാ വികസന കോർപ്പറേഷൻ ഏറ്റവും മികച്ച ദേശീയ ചാനലൈസിംഗ് ഏജൻസി.
- രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ്.
- രാജ്യത്ത് ഏറ്റവും കൂടുതൽ കാർഡിയോളജി ഇന്റർവെൻഷൻ നടത്തുന്ന ആശുപത്രിയായി തിരുവനന്തപുരം മെഡിക്കൽ കോളേജ്.



# എന്റെ കാസറഗോഡ് ആരോഗ്യത്തോടെ അഭിമാനത്തോടെ




കാസറഗോഡ്

'എന്റെ കേരളം' പ്രദർശന വിപണന മേളയോടനുബന്ധിച്ചു ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും ചേർന്ന് തയ്യാറാക്കിയ ആരോഗ്യം ആനന്ദം എക്സിബിഷൻ സ്റ്റാളും ജനശ്രദ്ധയാകർഷിച്ചു. സ്റ്റാൾ സന്ദർശിക്കുന്ന പൊതു ജനങ്ങൾക്കായി ബ്ലഡ് പ്രഷർ പരിശോധന, ബോഡി മാസ് ഇൻഡക്സ്, പ്രമേഹ പരിശോധന, യു.എച്ച്.ഐ.ഡി, ആഭ കാർഡ് തയ്യാറാക്കൽ, പോഷകാഹാര പ്രദർശനവും കൗൺസിലിംങ്ങും, ഓൺലൈൻ ക്വിസ്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഹെൽപ്പ് ഡെസ്ക് കൂടാതെ ബി ഹാപ്പി ബി ഹെൽത്തി സെൽഫി പോയിന്റും ഒരുക്കി. ആരോഗ്യ സെമിനാറിൽ 'ജനകീയ ആരോഗ്യം കഴിഞ്ഞ ഒമ്പത് വർഷത്തെ നേട്ടങ്ങൾ–കാസറഗോഡിന്റെ സവിശേഷത' എന്ന വിഷയത്തിൽ ജില്ലാ സർവയലൻസ് ഓഫീസർ ഡോ. സന്തോഷ് ബി, 'മലമ്പനി നിവാരണത്തിൽ കഴിഞ്ഞ ഒമ്പത് വർഷത്തെ കാസറഗോഡൻ ഇടപെടലുകൾ' എന്ന വിഷയത്തിൽ റിട്ടയെർഡ് ജില്ലാ വെക്ടർ ബോൺ ഡിസീസ് കണ്ട്രോൾ ഓഫീസർ സുരേശൻ വി, 'ആരോഗ്യ വകുപ്പിന്റെ ജനക്ഷേമ പദ്ധതികൾ' എന്ന വിഷയത്തിൽ ജനകീയ ആരോഗ്യ കേന്ദ്രം ജില്ലാ നോഡൽ ഓഫീസർ ഡോ. ധന്യ മനോജ് എന്നിവർ വിഷയാവതരണം നടത്തി.

### കാസറഗോഡ് ജില്ല: ആരോഗ്യ മേഖലയിലെ വികസന പ്രവർത്തനങ്ങളും നേട്ടങ്ങളും

- കാസറഗോഡ് മെഡിക്കൽ കോളേജിൽ നെഫ്രോളജി, ന്യൂറോളജി, റുമറ്റോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും മറ്റ് സ്പെഷ്യാലിറ്റി ഒ പി സേവനങ്ങളും ആരംഭിച്ചു.

- കാസറഗോഡ് മെഡിക്കൽ കോളേജിൽ സ്റ്റാഫ് ക്വാട്ടേസിന് തറക്കല്ലിട്ടു. കാസറഗോഡ് വികസന പാക്കേജിൽ 29 കോടി രൂപ ഉപയോഗിച്ചാണ് ഇത് നിർമ്മിച്ചത്

- കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നവജാതശിശുകൾക്ക് പ്രത്യേക പരിചരണം നൽകുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം മുഖേന 50 ലക്ഷം രൂപ ഉപയോഗിച്ച് ആധുനിക നിലവാരത്തിൽ നിർമ്മിച്ച സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

- കാസറഗോഡ് വികസന പാക്കേജിലൂടെ അനുവദിച്ച 1.50 കോടി രൂപ വിനിയോഗിച്ചു കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സി എസ് എസ് ഡി (Central Sterile Supply Department) സജ്ജീകരിച്ചു.

- കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ECRP യിലൂടെ 36 ലക്ഷം രൂപ ഉപയോഗിച്ച് പീഡിയാട്രിക് വാർഡ്. സജ്ജമാക്കി

- കാർഡിയോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഇ.ഇ.ജി മെഷീൻ സേവനവും ആരംഭിച്ചു.

- ബ്രോങ്കോസ്കോപ്പി സേവനം ആരംഭിച്ചു.

- കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ അനുവദിച്ച 8 കോടി വിനിയോഗിച്ചു കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ആധുനിക സൗകര്യത്തോടു കൂടി കാത്ത് ലാബ് സജ്ജീകരിച്ചു. കൂടാതെ ഇവിടെ ആൻജിയോഗ്രാം ആൻജിയോപ്ലാസ്റ്റി തുടങ്ങിയവയും ആരംഭിച്ചു . 7 ബെഡ്ഡോട് കൂടിയുള്ള സി.സി.യു വും തയ്യാറാണ്.

- കാസറഗോഡ് ജനറൽ ആശുപത്രിയിൽ ഇ.സി.ആർ.പി യിലൂടെ 63 ലക്ഷം രൂപ ഉപയോഗിച്ച് പീഡിയാട്രിക് യൂണിറ്റ് സജ്ജീകരിച്ചു പ്രവർത്തനമാരംഭിച്ചു

- കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ അനുവദിച്ച 37 ലക്ഷം രൂപ ഉപയോഗിച്ച് പെരിയ, മംഗൽപാടി എന്നിവിടങ്ങളിൽ ഐസൊലേഷൻ വാർഡ് സജ്ജീകരിച്ചു

- കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് 36 ലക്ഷം രൂപ വീതം ഉപയോഗിച്ച് ജില്ലയിലെ 05 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി.

- കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 11 കോടി രൂപ ചിലവഴിച്ച് തുരുത്തി, ഉടുമ്പുതല, തൈക്കടപ്പുറം, അജാനൂർ, എണ്ണപ്പാറ, അംഗഡിമുഗർ, ചെങ്കള, വാണിനഗർ എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങൾക്കു പുതിയ കെട്ടിടം നിർമിക്കുകയും, നവകേരളം കർമപദ്ധതി ആർദ്രം മിഷനിലിൽ ജില്ലയിൽ ബാക്കിയുള്ള 14 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുകയും ചെയ്തു

- ദേശീയ ആരോഗ്യ ദൗത്യം ആർ.ഓ.പി ഫണ്ടിലൂടെ അനുവദിച്ച 7 ലക്ഷം രൂപ വീതംവിനിയോഗിച്ചു ജില്ലയിലെ 64 സബ് സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി

- ജില്ലയുടെ ചിരകാല സ്വപ്നമായ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനം ആഭിക്കുകയും എൻ.എച്.എം ആർ.ഓ.പി ഫണ്ടിലൂടെ 2.85 കോടി രൂപ ഉപയോഗിച്ച് ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തിയേറ്റർ സജ്ജീകരിക്കുകയും ചെയ്തു.

- പി എം അഭീം പദ്ധതിയിൽ ഉൾപ്പെടുത്തി 1 .40 കോടി രൂപ വിനിയോഗിച്ചു ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് സജ്ജീകരിച്ചു പ്രവർത്തനം ആരംഭിച്ചു.

- കിഫ്ബി പദ്ധതിയിലൂടെ 86 ലക്ഷം രൂപ ഉപയോഗിച്ച് പനത്തടി നീലേശ്വരം എന്നിവിടങ്ങളിൽ ഡയലിസിസ് സെന്റർ സജ്ജീകരിച്ചു

- ദേശീയ നാഗരാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ജില്ലയിലെ 3 നഗരാരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ 9 വീതം നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുകയും ഓരോ കേന്ദ്രങ്ങളിലും ഡോക്ടർമാരെയും സ്റ്റാഫ് നഴ്സിനെ നിയമിക്കുകയും ചെയ്തു.

- ജന്മനാ ഹൃദയ വൈകല്യമുള്ള 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് കേരള സർക്കാർ നടപ്പിലാക്കുന്ന ഹൃദ്യം പദ്ധതിയിലൂടെ 413 കുട്ടികൾക്ക് സൗജന്യ ശസ്ത്രക്രിയ പൂർത്തിയാക്കി.

- സർക്കാർ ആശുപത്രികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന എൻ.ക്യു.എ.എസ് അക്രഡിറ്റേഷന്റെ ഭാഗമായി ഈ കാലയളവിൽ 6 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ് അക്രഡിറ്റേഷൻ ലഭിച്ചു. കൂടാതെ 13 സ്ഥാപനങ്ങൾക്ക് കായകല്പ പുരസ്കാരവും 06 സ്ഥാപനങ്ങൾക്ക് കാഷ് അംഗീകാരവും ലഭിച്ചു.

**ലോക മലമ്പനി ദിനാചരണം**

## മലമ്പനി നിവാരണത്തിന് ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യം: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: മലമ്പനി നിവാരണത്തിന് ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മലമ്പനി നിവാരണം ചെയ്യുന്നതിനായി കൃത്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന സംസ്ഥാനമാണ് കേരളം. അതിൽ വലിയ തോതിൽ വിജയം കൈവരിക്കാൻ നമുക്കായിട്ടുണ്ട്. പക്ഷേ നമ്മൾ നേരിടുന്ന വെല്ലുവിളി മറ്റ് ഇടങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന ആളുകൾക്ക് മലമ്പനി കണ്ടെത്തുന്നു എന്നുള്ളതാണ്. അവരിൽ നിന്നും മറ്റുള്ളവരിലേക്ക് മലമ്പനി പകരുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് പ്രധാനമാണ്. അതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, തൊഴിൽ കോൺട്രാക്ടർമാർ, തൊഴിൽ വകുപ്പ്, മറ്റ് വകുപ്പുകൾ എന്നിവരുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. ലോക മലമ്പനി ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ ഡയറക്ടർ ഡോ. കെ.പി. റീത്ത, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിപിൻ കെ. ഗോപാൽ, ആരോഗ്യ കേരളം സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ബിജോയ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ് എസ്, സംസ്ഥാന മാസ് എഡ്യൂക്കേഷൻ & മീഡിയ ഓഫീസർ ഡോമി ജോൺ എന്നിവർ പങ്കെടുത്തു.



സുരക്ഷിതകരങ്ങളിൽ

# കേരളത്തിന്റെ 'നിധി'



എറണാകുളം : ജനിക്കുമ്പോൾ ആ കുഞ്ഞിന് 950 ഗ്രാം മാത്രമായിരുന്നു ഭാരം. സ്വകാര്യ ആശുപത്രിയിൽ നിയോനേറ്റൽ ഐ സി യുവിൽ ഉപേക്ഷിക്കപ്പെട്ട കുഞ്ഞിനെ എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സക്കായി എത്തിക്കുകയായിരുന്നു. ജാർഖണ്ഡ് സ്വദേശികളായ ദമ്പതികൾക്ക് ജനിച്ച കുഞ്ഞിന് വിദഗ്ദ ചികിത്സ ആവശ്യമായിരുന്നു.

ആശുപത്രി ഐസിയുവിൽ ഉപേക്ഷിച്ചു പോയ കുഞ്ഞിന്റെ വാർത്ത ശ്രദ്ധയിൽപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രി കുഞ്ഞിന് സംരക്ഷണം നൽകാൻ നിർദേശം നൽകുകയായിരുന്നു. ആ കുഞ്ഞിനെ ഒന്നര മാസം മുമ്പാണ് എറണാകുളം ജനറൽ ആശുപത്രി ഐസിയുവിൽ കൊണ്ടുവന്നത്. മെഡിക്കൽ ബോർഡ് രൂപീകരിച്ചാണ് ചികിത്സയും പരിചരണവും നൽകി. ആശുപത്രിയിലെ മിൽക്ക് ബാങ്കിൽ നിന്നും കുഞ്ഞിനാവശ്യമായ മുലപ്പാൽ നൽകി. ഒന്നര മാസത്തെ ചികിത്സ കൊണ്ട് പൂർണ ആരോഗ്യത്തിലേക്കെത്തി.

ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ഷാഹിർഷായുടെ ഏകോപനത്തിൽ പീഡിയാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ ഡോക്ടർമാരടങ്ങിയ ടീമാണ് കുഞ്ഞിന് ചികിത്സ നൽകിയത്.



ഇൻസ്റ്റിറ്റ്യൂഷണൽ ആന്റിബയോഗ്രം അടിസ്ഥാനപ്പെടുത്തിയുള്ള ആന്റിബയോട്ടിക് പോളിസി നടപ്പാക്കിയിട്ടുള്ള ആശുപത്രിയാണ് എറണാകുളം ജനറൽ ആശുപത്രി. ആന്റിബയോട്ടിക് പോളിസി നവജാത ശിശു വിഭാഗത്തിൽ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ അണുബാധ തിരിച്ചറിയാനുള്ള നൂതന ഓട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ പരിശോധനയും ലഭ്യമാണ്. ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുപയോഗിച്ച് സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ കൊണ്ടുവന്ന മാറ്റങ്ങൾ മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്തുവാൻ സഹായിച്ചതായി ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി എസ് ശിവപ്രസാദ് പറഞ്ഞു.

ഒന്നര മാസത്തെ വിദഗ്ദ്ധ ചികിത്സക്ക് ശേഷം കുഞ്ഞിനെ ശിശു ക്ഷേമസമിതി ഏറ്റെടുത്തു. ആശുപത്രി അധികൃതരുടെ അഭ്യർത്ഥന പ്രകാരം കുഞ്ഞിന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജാണ് പേര് നൽകിയത്, 'നിധി'.

അവബോധവുമായി ടാബ്ലോ

# പ്രസവവും ജീവിതവും സുരക്ഷിതമാക്കണം



ലോകാരോഗ്യദിനത്തിന്റെ ഇടുക്കി ജില്ലാതല ഉദ്ഘാടനം

ഇടുക്കി: ഗർഭധാരണം മുതൽ പ്രസവം വരെ ഏങ്ങിനെയായിരിക്കണം, കരുതൽ നൽകേണ്ടത്, പ്രസവം എവിടെയാവണം, എന്തെല്ലാം മുൻകരുതൽ സ്വീകരിക്കണം ഇവയെല്ലാം ഒരു ടാബ്ലോയുടെ രൂപത്തിലെത്തിയപ്പോൾ കണ്ടു നിന്ന ഒട്ടനവധി പേർക്ക് അതെല്ലാം ഒരു പുതിയ അറിവായി മാറുകയായിരുന്നു, തെറ്റിദ്ധാരണകൾ നീക്കുകയായിരുന്നു! ലോകാരോഗ്യ ദിനത്തിന്റെ ഇടുക്കി ജില്ലാതല ഉദ്ഘാടനത്തോടനുബന്ധിച്ച് മുട്ടത്ത് നടത്തിയ ഘോഷയാത്രയിലാണ് പ്രസവ സംബന്ധമായ അവബോധം നൽകിയ ടാബ്ലോ ശ്രദ്ധേയമായത്.

ജില്ലാ ആരോഗ്യവകുപ്പും ദേശീയ ആരോഗ്യമിഷനും മുട്ടം സാമൂഹികാരോഗ്യകേന്ദ്രവും ചേർന്നാണ് ഇത്തരമൊരു ആശയം അവതരിപ്പിച്ചത്. മുട്ടം നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥിനികൾ അതിനൊപ്പം സഹകരിച്ചു. സാമൂഹികപരമായും വിദ്യാഭ്യാസപരമായും നമ്മൾ മുന്നേറി എന്ന് പറയുമ്പോഴും പ്രസവം പോലെ സങ്കീർണ്ണമായ കാര്യങ്ങളിൽ ഇപ്പോഴും അജ്ഞത നിലനിൽക്കുന്നുണ്ട്. പ്രാചീനമായ രീതികൾ വരെ ഇന്ന് പ്രസവത്തിനായി ഉപയോഗിക്കുന്നു. കുഞ്ഞിന്റെ മാത്രമല്ല അമ്മയുടെ ജീവനു കൂടി ഇത്തരം അശാസ്ത്രീയ രീതികൾ ആപത്താണ്. അടുത്തിടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിൽ കുഞ്ഞുങ്ങൾ മരിച്ചുപോകുന്ന സാഹചര്യം ഉണ്ടായിരുന്നു. അത് വലിയ വാർത്ത ആവുകയും ചെയ്തു. ആ സാഹചര്യത്തിൽ ആണ് പ്രസവം സുരക്ഷിതമാക്കാൻ ആശുപത്രി തിരഞ്ഞെടുക്കാം എന്ന ആഹ്വാനത്തോടെ ലോകാരോഗ്യദിനാചരണം ആരോഗ്യ വകുപ്പ് നടന്നത്.

ഗർഭിണിയെ ആദ്യമായി കണ്ടെത്തി രജിസ്റ്റർ ചെയ്യുന്ന ആശാ പ്രവർത്തക മുതൽ ആശുപത്രി പ്രസവ വാർഡിലെ രീതികൾ വരെ വിശദമായി അവതരിപ്പിച്ചുകൊണ്ടാണ് വിദ്യാർത്ഥികൾ നിശ്ചലദൃശ്യം അവതരിപ്പിച്ചത്. സൈക്കിൾ ക്ലബിലെ അംഗങ്ങൾ സ്കേറ്റിംഗ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് വോളന്റിയേഴ്സ് ഉൾപ്പെടെയുള്ളവർ പങ്കെടുത്ത പരിപാടിയിൽ ഫ്ളാഷ് മോബും, തെരുവുനാടകവും, വാദ്യമേളങ്ങളുടെ അടകമ്പടിയോടെ അവതരിപ്പിച്ചു.

മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനം

# കേരളത്തിന് ദേശീയ അവാർഡ്

**കേരളത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി**



തിരുവനന്തപുരം: കേരളത്തിന് മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം. 2024 ഡിസംബർ 7 മുതൽ 2025 മാർച്ച് 7 വരെ നടന്ന ക്ഷയരോഗ നിവാരണ പദ്ധതിയുടെ 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്തതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. ആകെ 87,330 പേർക്കാണ് പരിശോധന നടത്തിയത്. അതിൽ 71,238 പേർക്കും ആധുനിക മോളിക്യൂലർ പരിശോധനയായ സി.ബി. നാറ്റ്, ട്രൂനാറ്റ് പരിശോധനകൾ നടത്താനായി. 18 ശതമാനം പേർക്ക് മാത്രമാണ് പഴയരീതിയിലുള്ള മൈക്രോസ്കോപ്പ് പരിശോധന നടത്തിയത്. അതേസമയം സംസ്ഥാനത്തെ നാറ്റ് പരിശോധന ശരാശരി 82 ശതമാനമാണ്. മാത്രമല്ല 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർചികിത്സ നൽകാനുമായി. ഇതിനുള്ള അംഗീകാരമായാണ് കേരളത്തിന് ദേശീയ പുരസ്കാരം ലഭിച്ചത്.

കേരളം നടത്തുന്ന ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളെ കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രി ജെപി നഡ്ഡ അഭിനന്ദിച്ചു. ക്ഷയരോഗ നിവാരണത്തിനായി വിവിധങ്ങളായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. സർക്കാർ മേഖലയോടൊപ്പം സ്വകാര്യ മേഖലയിലെയും ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതിന് 2022ലും 2023ലും സംസ്ഥാനത്തിന് ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2024ൽ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗ മുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടി. വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്.

തലശേരി മലബാർ കാൻസർ സെന്ററിൽ

# റോബോട്ടിക് സർജറി സംവിധാനം



തിരുവനന്തപുരം: തലശേരി മലബാർ കാൻസർ സെന്ററിൽ കാൻസറിനുള്ള റോബോട്ടിക് സർജറി സംവിധാനം യാഥാർത്ഥ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കാൻസറിനുള്ള 5 റോബോട്ടിക് സർജറികൾ വിജയകരമായി ഇതുവരെ പൂർത്തിയായി. വൃക്ക, ഗർഭാശയം, മലാശയം എന്നിവയെ ബാധിച്ച കാൻസറുകൾക്കാണ് റോബോട്ടിക് സർജറി നടത്തിയത്. തിങ്കളാഴ്ച മുതൽ റോബോട്ടിക് സർജറികൾ സാധാരണ പോലെ നടക്കും. ആർസിസിയ്ക്ക് പുറമേ എം.സി.സി.യിലും റോബോട്ടിക് സർജറി യാഥാർത്ഥ്യമായതോടെ സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുകയാണ്. അപ്രാപ്യമായിരുന്ന ഹൈടെക് ചികിത്സാ സങ്കേതങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും മന്ത്രി അഭിനന്ദിച്ചു.

ഇന്ത്യയിലും വിദേശത്തുമുള്ള വൻകിട ആശുപത്രികളിൽ മാത്രം ലഭ്യമായിരുന്ന റോബോട്ടിക് സർജറി യൂണിറ്റ് സർക്കാർ മേഖലയിൽ ആദ്യമായാണ് ആരംഭിച്ചത്. ആർ.സി.സി.യിലും എം.സി.സി.യിലും റോബോട്ടിക് സർജറി സംവിധാനവും (60 കോടി), ഡിജിറ്റൽ പത്തോളജി മികവിന്റെ കേന്ദ്രങ്ങളും (18.87 കോടി) സജ്ജമാക്കുന്നതിന് റീബിൾഡ് കേരള ഇനിഷ്യേറ്റീവിലൂടെയാണ് തുകയനുവദിച്ചിരുന്നത്. ഇതുകൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലും റോബോട്ടിക് സർജറി ആരംഭിക്കുന്നതിന് തുകയനുവദിച്ചിട്ടുണ്ട്.

മിനിമൽ ആക്സസ് ശസ്ത്രക്രിയയാണ് റോബോട്ടിക് സർജറി. ഇത് സർജിക്കൽ റോബോട്ടിന്റെ സഹായത്തോടു കൂടിയാണ് നടത്തുന്നത്. വിവിധ തരത്തിലുള്ള കാൻസറുകളുടെ ചികിത്സയ്ക്ക് റോബോട്ടിക് ശസ്ത്രക്രിയ ഫലപ്രദമാണ്. രോഗിയുടെ വേദന കുറയ്ക്കുക, എത്രയും വേഗം സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടു വരിക, ശസ്ത്രക്രിയയ്ക്കിടയിലുള്ള രക്തസ്രാവം നന്നായി കുറയ്ക്കാൻ സാധിക്കുക എന്നിവയൊക്കെയാണ് റോബോട്ടിക് ശസ്ത്രക്രിയയുടെ പ്രധാന ഗുണങ്ങൾ.

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. വിനയ് ഗോയൽ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

സീനിയർ എഡിറ്റർ
**ഡോ. രാഹുൽ യു.ആർ**
എസ്.എൻ.ഒ, ബി.സി.സി

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

**കെ കെ ഷൈജിൽ**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി

**ധാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ് (ഡി&സി), എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി&സി), കോട്ടയം

**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ

**വർഷ ജയപ്രകാശ്**
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം

**ബിൻസി രവീന്ദ്രൻ**
ജെ.സി (ഡി&സി), കണ്ണൂർ

**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്

**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ്

# 6 ആശുപത്രികളിൽ ദേശീയ നിലവാരത്തിൽ 'ലക്ഷ്യ' ലേബർ റൂമുകൾ

## കോന്നി മെഡിക്കൽ കോളേജിൽ 'ലക്ഷ്യ' ലേബർ റൂം നിർമ്മാണം പൂർത്തിയായി



തിരുവനന്തപുരം: പത്തനംതിട്ട ജില്ലയിൽ 5 ആശുപത്രികളിൽ കൂടി ദേശീയ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂമുകൾ സജ്ജമായി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അടൂർ ജനറൽ ആശുപത്രിക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ അടുത്തിടെ ലഭ്യമായിരുന്നു. ഇത് കൂടാതെ കോന്നി മെഡിക്കൽ കോളേജിൽ 3.5 കോടി രൂപ ചെലവിൽ ലക്ഷ്യ ലേബർ റൂം നിർമ്മാണം പൂർത്തിയാക്കി.കോഴഞ്ചേരി ജില്ലാ ആശുപത്രിയിലും ലക്ഷ്യ ലേബർ റൂം സജ്ജമാണ്. കോന്നി താലൂക്ക് ആശുപത്രി, തിരുവല്ല താലൂക്ക് ആശുപത്രി, റാന്നി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂമുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്താനായി അത്യാധുനിക സംവിധാനം ഉറപ്പുവരുത്തുകയാണ് ലക്ഷ്യ നിലവാരത്തിലൂടെ ലക്ഷ്യമിടുന്നത്. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവയിലാണ് ലക്ഷ്യ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ഇതുവരെ 14 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. കൂടുതൽ ആശുപത്രികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

കോന്നി മെഡിക്കൽ കോളേജിൽ ഗൈനക്കോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ലക്ഷ്യ ലേബർ റൂം സജ്ജമാക്കിയത്. നിലവിൽ ഗൈനക്കോളജി ഒപി പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ നിരവധി പേർ പ്രതിദിനം ചികിത്സ തേടിയെത്താറുണ്ട്. ലക്ഷ്യ ലേബർ റൂം ഉൾപ്പെടെ പ്രവർത്തനസജ്ജമാകുന്നതോടെ ഗൈനക്കോളജി വിഭാഗത്തിൽ മികച്ച സേവനം ലഭ്യമാകും.

കോന്നി മെഡിക്കൽ കോളേജിൽ 27,922 ചതുരശ്ര അടി വിസ്തീർണത്തിലാണ് ലേബർ റൂം സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുള്ളത്. പുതിയ ഒപി വിഭാഗം, അൾട്രാ സൗണ്ട് സ്കാനിംഗ് റൂം, ട്രയേജ് ഏരിയ, ഗൈനക് മോഡുലാർ ഓപ്പറേഷൻ തിയേറ്റർ, മൈനർ ഓപ്പറേഷൻ തീയറ്റർ, സെപ്റ്റിക് മോഡുലാർ ഓപ്പറേഷൻ തിയേറ്റർ, 2 എൽ.ഡി.ആർ സ്യൂട്ടുകൾ, പ്രസവത്തിനായി എത്തുന്നവരുടെ ആദ്യ, രണ്ടാം, മൂന്നാം ഘട്ട ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ, റിക്കവറി റൂമുകൾ, വാർഡുകൾ, ഡെമോ റൂം, എച്ച്ഡിയു, ഐ.സി.യു, ഐസൊലേഷൻ യൂണിറ്റുകൾ എന്നിവ സജ്ജമാണ്.

**കോഴിക്കോട് മെഡിക്കൽ കോളേജിൽ**

# അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കുള്ള അത്യാധുനിക ഓപ്പറേഷൻ തീയറ്ററുകൾ സജ്ജം




തിരുവനന്തപുരം: കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഹൃദയം, കരൾ, വൃക്ക തുടങ്ങിയ അവയവങ്ങൾ മാറ്റിവയ്ക്കുന്നതിന് ഉൾപ്പെടെയുള്ള അത്യാധുനിക ഓപ്പറേഷൻ തീയറ്ററുകൾ പ്രവർത്തനസജ്ജമായി. കോഴിക്കോട് മെഡിക്കൽ കോളേജ് സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലാണ് 14 ഓപ്പറേഷൻ തീയറ്ററുകൾ പ്രവർത്തനസജ്ജമാക്കിയത്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. നിലവിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഇവിടെ നടക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ കോട്ടയം മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി ആരംഭിച്ചിരുന്നു. തുടർന്നാണ് കോഴിക്കോട് മെഡിക്കൽ കോളേജിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സജ്ജീകരണങ്ങൾ സജ്ജമാക്കാൻ നിർദേശം നൽകിയത്. ഇതിന്റെ ഭാഗമായാണ് പുതിയ ഓപ്പറേഷൻ തീയറ്ററുകളിൽ അവയവം മാറ്റിവയ്ക്കാനുള്ള സംവിധാനങ്ങൾ കൂടിയൊരുക്കിയതെന്നും മന്ത്രി വ്യക്തമാക്കി.

സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ കാർഡിയോ വാസ്കുലാർ സർജറി, യൂറോളജി, സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി, ന്യൂറോസർജറി, പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങൾക്കുള്ള ഓപ്പറേഷൻ തീയേറ്ററുകളും തീവ്രപരിചരണ വിഭാഗങ്ങളുമാണ് പ്രവർത്തനമാരംഭിച്ചത്. ഓരോ വിഭാഗത്തിനുമായി 20 ഐ.സി.യു കിടക്കകൾ സജ്ജമാക്കി. എമർജൻസി മെഡിസിൻ വിഭാഗം നേരത്തെ തന്നെ ഈ ബ്ലോക്കിൽ പ്രവർത്തനം തുടങ്ങിയിരുന്നു. 5 സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്കൊപ്പം അനസ്തേഷ്യ വകുപ്പിന്റെ ഒരു വിഭാഗം കൂടി ഈ ബ്ലോക്കിലേക്ക് മാറ്റി.

സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് മാത്രമായുള്ള ബ്ലോക്ക് 2023 മാർച്ച് മാസത്തിലാണ് മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചത്. 195.93 കോടി രൂപ ചെലവഴിച്ചുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, 7 നിലകളിലായി അത്യാധുനിക സൗകര്യങ്ങളോടുകൂടി ഭാവിയുടെ വികസനം കൂടി മുന്നിൽ കാണ് സജ്ജമാക്കിയത്.

190 ഐസിയു കിടക്കകളിൽ 20 കിടക്കകൾ മസ്തിഷ്ക മരണം സംഭവിച്ചവരുടെ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷനും 20 കിടക്കകൾ കിഡ്നി ട്രാൻസ്പ്ലാന്റേഷനും 20 കിടക്കകൾ തലയ്ക്ക് പരിക്കേറ്റവർക്കായുള്ള വിദഗ്ധ ചികിത്സയ്ക്കുമായാണ് മാറ്റിവച്ചിരിക്കുന്നത്.

മഹിറ.കെ., ഒപ്റ്റോമെട്രിസ്റ്റ്,
ഡി.ഇ.ഐ.സി മാങ്ങാട്ടുപറമ്പ്,
കണ്ണൂർ

**ഡി.ഇ.ഐ.സി വഹിക്കുന്ന പങ്ക്**

# കുട്ടികളിലെ കാഴ്ച വൈകല്യങ്ങളും പരിഹാര മാർഗങ്ങളും

കണ്ണൂർ : Cortical Visual Impairment (CVI) എന്നത് കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന ഒരു കാഴ്ച വൈകല്യമാണ്. ഇത് കണ്ണിന്റെ പ്രശ്നമല്ല, മറിച്ച് കാഴ്ചയെ നിയന്ത്രിക്കുന്ന മസ്തിഷ്ക ഭാഗത്തിന്റെ പ്രവർത്തനക്കുറവോ നാശമോ മൂലമുണ്ടാകുന്ന ഒരു അവസ്ഥയാണ്. CVI ഉള്ള കുട്ടികൾക്ക് കണ്ണിന്റെ ഘടനയിൽ യാതൊരു അസാധാരണത്വവും ഇല്ലെങ്കിലും, ദൃശ്യങ്ങൾ തിരിച്ചറിയാനോ വ്യാഖ്യാനിക്കാനോ ബുദ്ധിമുട്ട് അനുഭവപ്പെടാം. ഈ അവസ്ഥ കുട്ടികളുടെ ബൗദ്ധികവും സാമൂഹ്യവുമായ വളർച്ചയെ ഗുരുതരമായി ബാധിക്കും. എന്നാൽ, ഒപ്റ്റോമെട്രിസ്റ്റുകളുടെ നിർണായക ഇടപെടലുകളിലൂടെ, CVI ഉള്ള കുട്ടികളുടെ കാഴ്ചാനുഭവം മെച്ചപ്പെടുത്താനും അവരുടെ ജീവിതനിലവാരം ഉയർത്താനും സാധിക്കും.

CVI യുടെ പ്രധാന കാരണം മസ്തിഷ്കത്തിന്റെ കാഴ്ചയെ നിയന്ത്രിക്കുന്ന ഭാഗങ്ങളിലെ പ്രവർത്തനക്കുറവോ നാശമോ ആണ്. ഇത് താഴെ പറയുന്ന അവസ്ഥകളുമായി ബന്ധപ്പെട്ടിരിക്കാം:

- ഹൈപ്പോഗ്ലൈസീമിയ (രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നത്)
- സെറിബ്രൽ പാൾസി
- ഹൈഡ്രോസെഫാലസ് (മസ്തിഷ്കത്തിൽ ദ്രവം അടിഞ്ഞുകൂടുന്ന അവസ്ഥ)
- മാസം തികയാതെയുള്ള പ്രസവം
- അപസ്മാരം (Seizures)
- ഹൈപോക്സിയ (Hypoxia)

### CVI യുടെ ലക്ഷണങ്ങൾ

ഇഢകയുടെ ലക്ഷണങ്ങൾ ഓരോ കുട്ടിയിലും വ്യത്യാസപ്പെട്ടിരിക്കും.. ചില ലക്ഷണങ്ങൾ ഇവയാണ്:

1. ഒരേ നിറങ്ങൾ, വരകൾ, അല്ലെങ്കിൽ വസ്തുക്കളോടുള്ള അമിത ആകർഷണം
2. മുഖത്തേക്ക് ശ്രദ്ധയോടെ നോക്കാതിരിക്കുക
3. കളിപ്പാട്ടങ്ങളോ വെളിച്ചമോ കാണിച്ചാൽ അവയെ പിന്തുടരാതിരിക്കുക
4. വസ്തുക്കളിൽ ശ്രദ്ധയോടെ നോക്കാനുള്ള കഴിവ് കുറവ്
5. കാഴ്ച ഉണ്ടെന്ന് തോന്നുമെങ്കിലും വസ്തുക്കളെ തിരിച്ചറിയാനുള്ള ബുദ്ധിമുട്ട്
6. വെളിച്ചമോ ശബ്ദമോ കാഴ്ചയെ പ്രതികൂലമായി ബാധിക്കുക

### CVI യ്ക്കുള്ള ചികിത്സാ രീതികൾ

CVI ചികിത്സയിൽ കുട്ടിയെ അവരുടെ തനതായ രീതിയിൽ കാഴ്ചയ്ക്ക് പരിശീലിപ്പിക്കുക എന്നതാണ് പ്രധാനം. ഇതിനായി ഉപയോഗിക്കുന്ന ചില തെറാപ്പികൾ ഇവയാണ്:

1. വിഷ്വൽ സ്റ്റിമുലേഷൻ: നിറങ്ങൾ, വെളിച്ചം, ചലനങ്ങൾ എന്നിവ ഉപയോഗിച്ച് കുട്ടിയുടെ ശ്രദ്ധ പിടിച്ചെടുക്കൽ.
2. ലൊക്കേഷൻ തെറാപ്പി: വസ്തുക്കളുടെ സ്ഥാനം തിരിച്ചറിയാൻ പരിശീലിപ്പിക്കൽ.
3. ഐ–കോൺ ട്രെയിനിംഗ് & ട്രാക്കിംഗ്: കണ്ണുകളുടെ ചലനവും ട്രാക്കിംഗ് കഴിവും മെച്ചപ്പെടുത്തൽ.
4. ഐ–ഹാൻഡ് കോർഡിനേഷൻ: കണ്ണിന്റെയും കൈയുടെയും ഏകോപനം വർദ്ധിപ്പിക്കൽ.
5. ഐ കോൺടാക്ട്: മറ്റുള്ളവരുമായി കണ്ണുകൊള്ള ആശയവിനിമയം മെച്ചപ്പെടുത്തൽ.

### DEIC-ലെ ഒപ്റ്റോമെട്രിസ്റ്റിന്റെ പങ്ക്

District Early Intervention Centre (DEIC)-ൽ പ്രവർത്തിക്കുന്ന ഒപ്റ്റോമെട്രിസ്റ്റ് CVI കൈകാര്യം ചെയ്യുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. അവരുടെ പ്രധാന ചുമതലകൾ ഇവയാണ്:

1. പ്രാഥമിക കാഴ്ച നിരീക്ഷണം (Vision Screening): കുട്ടിക്ക് പൊതുവായ കാഴ്ചയുണ്ടോ എന്ന് പരിശോധിക്കുക. കണ്ണിന്റെ ഘടനയിൽ കുഴപ്പമില്ലാതിരിക്കുമ്പോഴും കാഴ്ച പ്രശ്നങ്ങൾ ഉണ്ടെങ്കിൽ CVI സംശയിക്കുന്നു.
2. CVI സ്കോർ നിർണ്ണയം (CVI Range/Phase): കുട്ടി ഏത് ഘട്ടത്തിലാണ് (Phase I, II, III) എന്ന് തിരിച്ചറിഞ്ഞ് അനുയോജ്യമായ ഇടപെടൽ പ്ലാൻ തയ്യാറാക്കുക.
3. വിഷ്വൽ സ്റ്റിമുലേഷൻ നിർദ്ദേശങ്ങൾ: നിറം, വെളിച്ചം, ചലനം, ഫ്രീക്വൻസി തുടങ്ങിയവ ഉപയോഗിച്ച് കുട്ടിയുടെ ശ്രദ്ധ ആകർഷിക്കുന്ന രീതികൾ നിർദ്ദേശിക്കുക.
4. സഹായക ഉപകരണങ്ങൾ (Low Vision Aids): കാഴ്ച തകരാറുള്ള കുട്ടികൾക്ക് ആവശ്യമായ ലോ വിഷൻ എയ്ഡുകൾ നിർദ്ദേശിക്കുകയും അവ ഉപയോഗിക്കാൻ പരിശീലനം നൽകുകയും ചെയ്യുക.
5. രക്ഷിതാക്കൾക്കുള്ള കൗൺസിലിംഗ്: വീട്ടിൽ കുട്ടിയെ എങ്ങനെ കാഴ്ച പരിശീലിപ്പിക്കാമെന്നും പഠനത്തിൽ എങ്ങനെ സഹായിക്കാമെന്നും രക്ഷിതാക്കൾക്ക് മാർഗനിർദ്ദേശം നൽകുക.
6. റഫറൽ സേവനങ്ങൾ: കൂടുതൽ സങ്കീർണമായ ഇടപെടൽ ആവശ്യമെങ്കിൽ, കുട്ടിയെ Vision Rehabilitation Centre കളിലേക്കോ Ophthalmologist-ന്റെ അടുത്തേക്കോ റഫർ ചെയ്യുക.
7. ഇന്റർഡിസിപ്ലിനറി സഹകരണം: ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ എന്നിവരുമായി ചേർന്ന് കുട്ടിയുടെ സമഗ്ര വികാസം ഉറപ്പാക്കുക.
8. രക്ഷിതാക്കൾക്കും അധ്യാപകർക്കുമുള്ള ബോധവത്കരണം.



ഡിജിറ്റൽ ഹെൽത്ത് യാഥാർത്ഥ്യത്തിലേക്ക്

# 750 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത്

**2.61 കോടി ജനങ്ങൾക്ക് സ്ഥിര യു.എച്ച്.ഐ.ഡി. രജിസ്ട്രേഷൻ**

**ക്യൂ നിൽക്കാതെ ആശുപത്രി അപ്പോയിന്റ്മെന്റ് എടുക്കാൻ എന്തെളുപ്പം!**



**ഡിജിറ്റലായി പണമടയ്ക്കാനുള്ള സംവിധാനം, ഓൺലൈനായി ഒപി ടിക്കറ്റ്, എം-ഇഹെൽത്ത് ആപ്പ്, സ്കാൻ എൻ ബുക്ക് സംവിധാനങ്ങൾ എന്നിവ സജ്ജമാക്കി**

തിരുവനന്തപുരം: സംസ്ഥാനത്തെ 752 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മെഡിക്കൽ കോളേജുകളിലെ 18 സ്ഥാപനങ്ങൾ കൂടാതെ 33 ജില്ല/ജനറൽ ആശുപത്രികൾ, 88 താലൂക്ക് ആശുപത്രികൾ, 42 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 501 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 50 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 14 സ്പെഷ്യാലിറ്റി ആശുപത്രികൾ, 3 പബ്ലിക് ഹെൽത്ത് ലാബുകൾ, 3 മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ ഹെൽത്ത് നടപ്പിലാക്കിയത്. മുഴുവൻ ആശുപത്രികളും ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കുകയാണ് ലക്ഷ്യം. ഡിജിറ്റലായി പണമടയ്ക്കാനുള്ള സംവിധാനം, ഓൺലൈനായി ഒപി ടിക്കറ്റ്, എം-ഇ ഹെൽത്ത് ആപ്പ്, സ്കാൻ എൻ ബുക്ക് സംവിധാനങ്ങൾ എന്നിവ അടുത്തിടെ സജ്ജമാക്കിയതായും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് ഇ ഹെൽത്ത് സേവനം നേടുന്നവരുടെ എണ്ണം വളരെ കൂടിയിട്ടുണ്ട്. ഇതുവരെ 2.61 കോടിയിലധികം ജനങ്ങൾ ഇ ഹെൽത്തിലൂടെ സ്ഥിര യു.എച്ച്.ഐ.ഡി. രജിസ്ട്രേഷൻ എടുത്തു. താത്ക്കാലിക രജിസ്ട്രേഷനിലൂടെ 8.51 കോടിയിലധികമാണ് ചികിത്സ തേടിയത്. 13.98 ലക്ഷം പേരാണ് ഇ ഹെൽത്ത് സംവിധാനത്തിലൂടെ അഡ്മിറ്റായി ചികിത്സ തേടിയത്. 3.39 കോടിയിലധികം പ്രീ ചെക്കപ്പ്, 8.16 കോടിയിലധികം ഡയഗ്നോസിസ്, 5.31 കോടിയിലധികം പ്രിസ്ക്രിപ്ഷൻ, 1.82 കോടിയിലധികം ലാബ് പരിശോധനകൾ എന്നിവയും ഇ ഹെൽത്തിലൂടെ നടത്തി.

ഇ ഹെൽത്തിലൂടെ ആശുപത്രിയിൽ ക്യൂ നിൽക്കാതെ നേരത്തെ തന്നെ ഒപി ടിക്കറ്റ് എടുക്കാൻ കഴിയുന്നു. വീണ്ടും ചികിത്സ തേടണമെങ്കിൽ ആശുപത്രിയിൽ നിന്നും തന്നെ അഡ്വാൻസ് ടോക്കൺ എടുക്കാനുള്ള സംവിധാനവും സജ്ജമാണ്. ഇ ഹെൽത്ത് പോർട്ടൽ (https://ehealth.kerala.gov.in) വഴിയും എം-ഇ ഹെൽത്ത് ആപ്പ് (https://play.google.com/store/apps/details?id=in.gov.kerala.ehealth.mhealth) വഴിയും അഡ്വാൻസ് ടോക്കൺ എടുക്കാം. ഇതിലൂടെ കാത്തിരിപ്പ് വളരെ കുറയ്ക്കാനാകും.

**എങ്ങനെ യുണിക്ക് ഹെൽത്ത് ഐഡി സൃഷ്ടിക്കും?**

ഇ ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭിക്കുവാൻ ആദ്യമായി തിരിച്ചറിയിൽ നമ്പർ സൃഷ്ടിക്കണം. അതിനായി https://ehealth.kerala.gov.in എന്ന പോർട്ടലിൽ കയറി രജിസ്റ്റർ ലിങ്ക് ക്ലിക്ക് ചെയ്യണം. അതിൽ ആധാർ നമ്പർ നൽകുക. തുടർന്ന് ആധാർ രജിസ്റ്റർ ചെയ്ത നമ്പരിൽ ഒ.ടി.പി വരും. ഈ ഒ.ടി.പി നൽകുമ്പോൾ ഓൺലൈൻ വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പർ ലഭ്യമാകും. ഇത് പോർട്ടൽ വഴി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ആദ്യതവണ ലോഗിൻ ചെയ്യുമ്പോൾ ഇത്തരത്തിലുള്ള 16 അക്ക വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പറും പാസ് വേർഡും മൊബൈലിൽ മെസേജായി ലഭിക്കും. ഈ തിരിച്ചറിയൽ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ആശുപത്രികളിലേക്കുള്ള നിശ്ചിത തീയതിയിലും സമയത്തുമുള്ള അപ്പോയിന്റ്മെന്റ് എടുക്കാൻ സാധിക്കും.

**എങ്ങനെ അപ്പോയിന്റ്മെന്റ് എടുക്കാം?**

ഒരു വ്യക്തിക്ക് ലഭിച്ച തിരിച്ചറിയൽ നമ്പരും പാസ് വേർഡും ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്ത ശേഷം ന്യൂ അപ്പോയിന്റ്മെന്റ് ക്ലിക്ക് ചെയ്യുക. റഫറൽ ആണെങ്കിൽ ആ വിവരം രേഖപെടുത്തിയ ശേഷം ആശുപത്രി വിവരങ്ങളും ഡിപ്പാർട്ട്മെന്റും തെരഞ്ഞെടുക്കുക. തുടർന്ന് അപ്പോയിന്റ്മെന്റ് വേണ്ട തീയതി തെരഞ്ഞെടുക്കുമ്പോൾ ആ ദിവസത്തിൽ ലഭ്യമായ ടോക്കണുകൾ ദൃശ്യമാകും. രോഗികൾ അവർക്ക് സൗകര്യപ്രദമായ സമയമനുസരിച്ചുള്ള ടോക്കൺ എടുക്കാവുന്നതാണ്. തുടർന്ന് ടോക്കൺ പ്രിന്റും എടുക്കാവുന്നതാണ്. ടോക്കൺ വിവരങ്ങൾ എസ്.എം.എസ്. ആയും ലഭിക്കുന്നതാണ്. ഇത് ആശുപത്രിയിൽ കാണിച്ചാൽ മതിയാകും. പോർട്ടൽ വഴി അവരുടെ ചികിത്സാവിവരങ്ങൾ, ലാബ് റിസൾട്ട്, പ്രിസ്ക്രിപ്ഷൻ എന്നിവ ലഭ്യമാവുന്നതാണ്.

**സംശയങ്ങൾക്ക് ദിശ 104, 1056, 0471 2552056, 2551056 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്**

ജനകീയാരോഗ്യകേന്ദ്രം തുണ

# ആരോഗ്യം തിരിച്ചുപിടിച്ച് ശോഭന



തൃശൂർ: വെസ്റ്റ് ചാലക്കുടി നിവാസിയായ ശോഭന (പേര് സാങ്കല്പികം,പ്രായം അറുപതു കടന്നു) വർഷങ്ങൾക്ക് മുൻപ് സ്ട്രോക്ക് വന്നതോടെ ശാരീരികമായി ബലക്കുറവ് കാരണം ജീവിതത്തിൽ പരിമിതികൾ നേരിടുന്നുണ്ടായിരുന്നു. നഗര ജനകീയാരോഗ്യകേന്ദ്രം തുടങ്ങിയത് മുതൽ ശോഭന ചികിത്സക്കായി നഗര ജനകീയാരോഗ്യ കേന്ദ്രത്തെ ആശ്രയിക്കാൻ തുടങ്ങി. ഡോക്ടറെ കാണുമ്പോഴെല്ലാം കൈകൾക്കുള്ള ബലകുറവ് മൂലം കൈകൾ ഉയർത്താൻ കഴിയാത്തതും വീട്ടുജോലികൾ ചെയ്യാനും മുടി കെട്ടാനും തുണി നനയ്ക്കാനുമൊക്കെ കഴിയാത്തതും സ്റ്റെപ്പ് കയറി ഇറങ്ങാൻ കഴിയാത്തതുമൂലമുള്ള പരിമിതികളെ കുറിച്ചുമൊക്കെ നിരന്തരം സങ്കടം പങ്കുവെക്കുമായിരുന്നു. വെൽനെസ്സ് സെക്ഷൻ നഗര ജനകീയാരോഗ്യകേന്ദ്രത്തിന്റെ ഒരു പ്രധാന ഘടകമായതിനാൽ ആദ്യപടിയായി ചാലക്കുടി നഗരസഭ 21 ദിവസത്തെ യോഗ പരിശീലനം സംഘടിപ്പിച്ചു. പൊതുജനങ്ങൾ പരിശീലനം ഏറെ താല്പര്യത്തോടെ ഏറ്റെടുത്തപ്പോൾ നഗര ജനകീയാരോഗ്യകേന്ദ്രത്തിൽ ദിവസത്തിൽ രണ്ട് തവണ (രാവിലെയും വൈകിട്ടും) യോഗ പരിശീലനം പരിശീലകരെ നിയമിച്ച് കൊണ്ട് ആരംഭിച്ചു. ഇതിന്റെ ഭാഗമായി നഗര ജനകീയാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ ഡോ.അതുൽ ആന്റോയുടെ നിർദ്ദേശപ്രകാരം ദിവസവും മുടങ്ങാതെ ശോഭന യോഗാ പരിശീലനത്തിന് രാവിലത്തെ ബാച്ചിൽ പങ്കെടുക്കുമായിരുന്നു. ഇപ്പോൾ കൈകൾ ഉയർത്താനും ദൈനംദിന ജോലികളൊക്കെ ചെയ്യാനും സ്റ്റെപ്പ് കയറാനുമൊക്കെ കഴിയുന്നു എന്ന് ഏറെ കൃതജ്ഞതയോടെ ശോഭന സാക്ഷ്യപ്പെടുത്തുന്നു. നഗര ജനകീയാരോഗ്യകേന്ദ്രത്തിൽ ഇടപെടലിലൂടെ സ്വയം പര്യാപ്തയുടെ വാതിലാണ് തുറന്ന് ലഭിച്ചത്. ആരോഗ്യം തിരിച്ചുപിടിച്ചതിന്റെ സ്വന്തമാക്കിയതിന്റെ സന്തോഷത്തിലാണ് ശോഭന. വീട്ടുപടിക്കൽ വിദഗ്ധ സേവനം ലഭ്യമാക്കി കൊണ്ട് നഗരജനകീയാരോഗ്യകേന്ദ്രങ്ങൾ പുതിയ അദ്ധ്യായങ്ങൾ കുറിച്ച് മുന്നോട്ട്.

മുറ്റത്ത് പച്ചക്കറിത്തോട്ടം

# വിളവ് ആശുപത്രി അടുക്കളയിലേക്ക്



എറണാകുളം: കോതമംഗലം താലൂക്ക് ആശുപത്രിയിലെ കിടപ്പുരോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള ഭക്ഷണ വിതരണ പദ്ധതിക്കാവശ്യമായ പച്ചക്കറികളിൽ ഒരു പങ്ക് ആശുപത്രി കോമ്പൗണ്ടിൽ നിന്നുതന്നെ ലഭിക്കും. ഇതിനായി ഉപയോഗശൂന്യമായി കിടന്നിരുന്ന സ്ഥലത്ത് പച്ചക്കറിത്തോട്ടം സജ്ജമാക്കിയിരിക്കുകയാണ്.

പലതരം പച്ചക്കറികൾ ആണ് കൃഷി ഇവിടെ ചെയ്തിരിക്കുന്നത്. പയറും തക്കാളിയും വെക്കയും പച്ചമുളകുമെല്ലാം ഇവിടെ നിന്നുതന്നെ ലഭിക്കും. വാരപ്പെട്ടി എൻ.എസ്.എസ് ഹയർ സെക്കൻഡറി സ്കൂളിലെ 1982 ബാച്ചിൽ എസ്.എസ്.എൽ.സി പഠിച്ചവരുടെ കൂട്ടായ്മയായ സൗഹൃദവും യു.എ.ഇ ആസ്ഥാനമായ പ്രവാസി കൂട്ടായ്മ ആശ്രയവും ആണ് പച്ചക്കറിത്തോട്ടം സജ്ജമാക്കാൻ സഹായിച്ചത്. കൃഷി വകുപ്പിന്റെ സഹായവും ഉണ്ടായിരുന്നു. തോട്ടത്തിലെ വിളവെടുപ്പ് ആന്റണി ജോൺ എം എൽ എ ഉദ്ഘാടനം ചെയ്തു.


കോതമംഗലം താലൂക്ക് ആശുപത്രിയിലെ കിടപ്പുരോഗികൾക്കും കൂട്ടിരിപ്പുകാർക്കും എല്ലാദിവസവും ഉച്ചക്കും രാത്രിയും ഭക്ഷണം നൽകുന്ന പദ്ധതിയാണ് വിശപ്പ് രഹിത ആശുപത്രി പദ്ധതി. ആശുപത്രി വളപ്പിൽ നിന്നും ലഭിക്കുന്ന പച്ചക്കറികൾ ഇതിനായി പ്രയോജനപ്പെടുത്തും.

ഒരു നേരം നൂറ്റമ്പതോളം പേർക്ക് ഭക്ഷണം നൽകുന്നുണ്ട്. ആശുപത്രിയുടെ അടുക്കളയിൽ തന്നെയാണ് പാചകം. കോതമംഗലം പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

വിശപ്പുരഹിത ആശുപത്രി പദ്ധതി പത്ത് മാസമായി വിജയകരമായി നടപ്പാക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ മറ്റൊരു പദ്ധതി പ്രകാരം ദിവസവും പ്രഭാതഭക്ഷണവും നൽകുന്നുണ്ട്. ആശുപത്രി കോമ്പൗണ്ടിലെ പച്ചക്കറിത്തോട്ടം വിശപ്പുരഹിത ആശുപത്രി പദ്ധതിക്ക് സഹായകമാവും.

ലോക കരൾ ദിനം

# കരളിനെ സംരക്ഷിക്കാം, ആരോഗ്യം ഉറപ്പാക്കാം



തിരുവനന്തപുരം: ജില്ലാതല ആശുപത്രികളിൽ ആദ്യമായി ഫാറ്റി ലിവർ ക്ലിനിക്കുകൾ സജ്ജമായി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കരൾ രോഗങ്ങൾ പ്രത്യേകിച്ച് ഫാറ്റി ലിവർ രോഗം നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. ഇതിനായി ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടമായി മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിൽ ഫാറ്റി ലിവർ ക്ലിനിക്ക് സജ്ജമാണ്. തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ അന്തിമ ഘട്ടത്തിലാണ്. മെഡിക്കൽ കോളേജുകൾക്ക് പുറമേ ഘട്ടംഘട്ടമായി സംസ്ഥാനത്ത് ഉടനീളം ഫാറ്റി ലിവർ ക്ലിനിക്കുകൾ വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ജനസംഖ്യയിൽ നല്ലൊരു ശതമാനത്തോളം ആളുകളെ നിശബ്ദമായി ബാധിക്കുന്ന ഒരു രോഗമായി Metabolic Dysfunction Asosciated Steatotic Liver Disease (MASLD) മാറിയിരിക്കുന്ന സാഹചര്യത്തിലാണ് ആരോഗ്യ വകുപ്പ് നിർണായക ഇടപെടൽ നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ഏപ്രിൽ 19 ലോക കരൾ ദിനമായി ആചരിക്കുന്നു. കരളിന്റെ പ്രാധാന്യത്തെക്കുറിച്ചും കരൾ രോഗങ്ങളെക്കുറിച്ചും അവബോധം നൽകുക എന്നതാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. 'ഭക്ഷണം മരുന്നാണ്' എന്നതാണ് ഈ വർഷത്തെ ലോക കരൾ ദിനത്തിന്റെ പ്രധാന ആശയം. ആരോഗ്യകരമായ ഭക്ഷണക്രമത്തിലൂടെ കരൾ രോഗങ്ങളെ ഒരു പരിധി വരെ തടയാനും കരളിന്റെ ആരോഗ്യം സംരക്ഷിക്കാനും സാധിക്കും എന്ന് ഈ ആശയം ഓർമ്മിപ്പിക്കുന്നു. രക്ത പരിശോധനാ ലാബുകൾ, സ്കാനിംഗ് തുടങ്ങി നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ഫാറ്റി ലിവറിന്റെ കാഠിന്യമറിയാനുള്ള ഫൈബ്രോ സ്കാനിംഗ് മെഷീൻ ഉൾപ്പെടെ സജ്ജമാക്കിയാണ് ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിക്കുന്നത്.

മന്ത്രിയുടെ നേതൃത്വത്തിൽ

# സ്റ്റേറ്റ് ആർആർടി യോഗം ചേർന്നു



തിരുവനന്തപുരം: വീട്ടിലെ പ്രസവത്തെപ്പറ്റി സമൂഹ മാധ്യമങ്ങളിലൂടെയുള്ള തെറ്റായ പ്രചരണങ്ങൾ കുറ്റകരമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അശാസ്ത്രീയ മാർഗങ്ങളിലൂടെയുള്ള പ്രസവം അമ്മയുടേയും കുഞ്ഞിന്റേയും ജീവന് ഭീഷണിയാണ്. അതിനാൽ പൊതുജനാരോഗ്യ നിയമപ്രകാരവും ഭാരതീയ ന്യായ സംഹിത വകുപ്പുകൾ പ്രകാരവും നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് പ്രതിവർഷം 400 ഓളം പ്രസവങ്ങൾ വീട്ടിൽ വച്ച് നടക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞവർഷം ഏപ്രിൽ മുതൽ ഈ വർഷം ഫെബ്രുവരി വരെ ആകെ 2,94,058 പ്രസവങ്ങളാണ് നടന്നത്. അതിൽ 382 പ്രസവങ്ങൾ വീട്ടിലാണ് നടന്നത്. അതിഥി തൊഴിലാളികളുടെ ഇടയിലും ആദിവാസി മേഖലയിലും വീട്ടിലെ പ്രസവം നടക്കുന്നുണ്ട്. ഇതിന്റെ കാര്യ കാരണങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകി. ചികിത്സ നിഷേധിക്കുന്നത് കുറ്റകരമാണെന്നും മന്ത്രി വ്യക്തമാക്കി.

ജനപ്രതിനിധികളുടേയും സാമുദായിക സാംസ്കാരിക സംഘടനകളുടേയും സഹകരണത്തോടെ വീട്ടിലെ പ്രസവത്തിന്റെ ദോഷവശങ്ങളെപ്പറ്റി ബോധവത്ക്കരണം ശക്തമാക്കും. ഓരോ പ്രദേശത്തിന്റേയും കൃത്യമായ ഡേറ്റയും കാരണവും ശേഖരിച്ച് തുടർനടപടി സ്വീകരിക്കാൻ ജില്ലകൾക്ക് നിർദേശം നൽകി. ആരോഗ്യ വകുപ്പിനോടൊപ്പം മറ്റ് വകുപ്പുകളും ഒരുമിച്ച് പ്രവർത്തിക്കണം. ഓരോ പ്രദേശത്തിന്റേയും വിവരങ്ങൾ കൃത്യമായി ശേഖരിക്കണം. സോഷ്യൽ മീഡിയയിലൂടേയും യൂട്യൂബിലൂടെയും തെറ്റായ ആരോഗ്യ വിവരങ്ങൾ നൽകുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഐഎസ്എം ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

ക്വാളിറ്റി പരീക്ഷയിൽ 92% സ്കോർ

# നിലമ്പൂർ ജില്ലാശുപത്രിക്ക് പൊൻതൂവൽ




മലപ്പുറം: മലയോര മേഖലയിലെയും ആദിവാസി മേഖലയിലെയും ജനവിഭാഗത്തിന് കരുതൽ നൽകുന്ന നിലമ്പൂർ ജില്ലാ ആശുപത്രിയ്ക്ക് ദേശീയ ഗുണനിലവാര അംഗീകാരങ്ങളായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.), ലക്ഷ്യ എന്നിവ ലഭിച്ചു. മികച്ച ആശുപത്രി സൗകര്യങ്ങളും സേവനങ്ങളും ഒരുക്കിയതിന് 92 ശതമാനം സ്കോറോടെയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം നേടിയത്. ഗർഭിണികൾക്ക് മികച്ച ചികിത്സയും പരിചരണവും ഉറപ്പാക്കാനും മാതൃശിശുമരണ നിരക്ക് കുറക്കാനും ഉതകുന്ന ലക്ഷ്യ പദ്ധതിയിൽ മികച്ച സ്കോർ നേടി നിലമ്പൂർ ജില്ലാശുപത്രി ലക്ഷ്യ അംഗീകാരം നേടി. ലേബർ റൂം 90.25 ശതമാനവും മെറ്റേണൽ ഓപ്പറേഷൻ തീയറ്റർ എന്നിവയ്ക്ക് 95.74 ശതമാനവും സ്കോറോടെയാണ് ഈ നേട്ടം സ്വന്തമാക്കിയത്.

ലോകോത്തര നിലവാരത്തിലുള്ള പ്രസവ ചികിത്സ, അണുബാധ കുറയ്ക്കുക, പ്രസവ സമയത്തെ മെച്ചപ്പെട്ട സംരക്ഷണം, പ്രസവാനന്തര പരിചരണം, ഗുണഭോക്താക്കളുടെ സംതൃപ്തി, ലേബർ റൂമുകളുടേയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയറ്ററുകളുടേയും ഗുണനിലവാരം എന്നിവയെല്ലാം സാധ്യമാക്കിയാണ് ലക്ഷ്യ അംഗീകാരം നേടിയെടുക്കാനായത്. അതിതീവ്ര പരിചരണം ആവശ്യമായ ഗർഭിണികൾക്ക് വെന്റിലേറ്ററുകളോട് കൂടിയ ഐ.സി.യു, ഹൈ ഡിപ്പന്റൻസി യൂണിറ്റുകളും സജ്ജമാക്കി. ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ജീവനക്കാർക്ക് മതിയായ പരിശീലനവും നൽകിയിട്ടുണ്ട്.

ഗർഭകാല ചികിത്സയ്ക്കും പ്രസവത്തിനും ഏറ്റവും കൂടുതൽ സമീപിക്കുന്ന ആശുപത്രി കൂടിയാണ് നിലമ്പൂർ ജില്ലാശുപത്രി.

ഒ.പി. വിഭാഗം, ലബോറട്ടറി, ഫാർമസി, പൊതുജനാരോഗ്യവിഭാഗം, എന്നിവയുടെ പ്രവർത്തനം, ദേശീയ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ്, പകർച്ചവ്യാധി പ്രതിരോധപ്രവർത്തനം, മാതൃശിശു ആരോഗ്യം, ജീവിതശൈലി രോഗ നിയന്ത്രണം, പ്രതിരോധ കുത്തിവെയ്പ്പ്, ജീവനക്കാരുടെ സേവനം, രോഗികളുടെയും ജീവനക്കാരുടെയും അഭിപ്രായങ്ങൾ അനുസരിച്ചുള്ള മികച്ച സേവനം, ഓഫീസ് നിർവ്വഹണം എന്നീ വിഭാഗങ്ങളുടെ മികച്ച പ്രവർത്തനമാണ് നിലമ്പൂർ ജില്ലാശുപത്രിക്ക് എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കാൻ കാരണമായത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാനും എൻ.എച്ച്.എമ്മിന്റെയും ജില്ലാ പഞ്ചായത്തിന്റെയും മറ്റ് ഫുകളും വിനിയോഗിച്ചു.

ട്രിപ്പിൾ നേട്ടം

# തിളക്കവുമായി അടൂർ ജനറൽ ആശുപത്രി




പത്തനംതിട്ട: അടൂർ ജനറൽ ആശുപത്രിക്ക് ഗുണനിലവാരത്തിനുള്ള ദേശീയ അംഗീകാരങ്ങളായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.), ലക്ഷ്യ, മുസ്കാൻ എന്നീ അംഗീകാരങ്ങൾ. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഇത്തരത്തിൽ മൂന്ന് ദേശീയ അംഗീകാരങ്ങൾ ഒരു ആശുപത്രിക്ക് ഒരുമിച്ച് ലഭിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

എൻ.ക്യു.എ.എസ്. 96.75% സ്കോറും, ലക്ഷ്യ വിഭാഗത്തിൽ മറ്റേണിറ്റി ഓപ്പറേഷൻ തിയേറ്ററിന് 99.53% സ്കോറും, ലേബർ റൂമിന് 96.75% സ്കോറും, മുസ്കാൻ 93.38% സ്കോറും നേടിയാണ് അടൂർ ജനറൽ ആശുപത്രി ചരിത്രനേട്ടം കൈവരിച്ചത്.

അടൂർ ജനറൽ ആശുപത്രിയിൽ മദർ ആന്റ് ചൈൽഡ് ബ്ലോക്ക് നിർമ്മാണത്തിനായി 13 കോടി രൂപ അനുവദിച്ചു. പുതിയ ആശുപത്രി കെട്ടിടത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 12.81 കോടി അനുവദിച്ചു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുകൂടാതെ ഒ.പി. നവീകരണത്തിനായി 1.14 കോടി രൂപ അനുവദിച്ച് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ട നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഒരുകോടി രൂപ ചിലവഴിച്ച് മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 32.91 ലക്ഷം രൂപ ചിലവഴിച്ച് നിർമ്മിച്ച പീഡിയാട്രിക് ഐസിയു എച്ച്.ഡി.യു വാർഡ്, 29.79 ലക്ഷം രൂപ ചിലവഴിച്ച് നിർമ്മിച്ച എസ്.എൻ.സി.യു എന്നിവയും ആശുപത്രിയുടെ വികസന നേട്ടങ്ങളാണ്.

ആരോഗ്യ രംഗത്ത് മികച്ച സേവനങ്ങൾ നൽകിവരുന്ന അടൂർ ജനറൽ ആശുപത്രിയിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ്, ജനറൽ ഒപി, ഇ.എൻ.ടി, റെസ്പിറേറ്ററി മെഡിസിൻ, പീഡിയാട്രിക്സ്, ഡെർമറ്റോളജി, ഗൈനക്കോളജി, അനസ്തേഷ്യോളജി, ഡെന്റൽ, ഒഫ്താൽമോളജി, സൈക്യാട്രി എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ദിവസവും 1500 മുതൽ 1700 പേർ വരെ ഒപിയിൽ ചികിത്സ തേടിയെത്തുന്നത്. 300 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവുമുണ്ട്. ഇവിടത്തെ ഡയാലിസിസ് യൂണിറ്റിൽ ദിവസവും നാല് ഷിഫ്റ്റിൽ നാൽപത്തി അഞ്ചോളം പേർക്ക് ഡയാലിസിസ് നൽകുന്നുണ്ട്. കിടപ്പ് രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ 5 കിടക്കകളുള്ള പാലിയേറ്റീവ് കെയർ വാർഡും ഇവിടെയുണ്ട്. ലക്ഷ്യ നിലവാരമുള്ള ലേബർ റൂം സൗകര്യങ്ങളും സജ്ജമാണ്.

കൊട്ടാരക്കരയ്ക്ക് മെച്ചപ്പെട്ട ആരോഗ്യം

# 'ലക്ഷ്യ' 360 ഡിഗ്രി എൻ.സി.ഡി ക്ലിനിക്ക് തുടങ്ങി



കൊല്ലം: ആതുര ശുശ്രൂഷ രംഗത്തെ കൂടുതൽ കരുത്ത് പകരുന്നതിനായി കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പൂർത്തിയാക്കിയ ലക്ഷ്യ, 360 ഡിഗ്രി എൻ.സി.ഡി ക്ലിനിക്, സ്ട്രോക്ക് എ.സി യൂണിറ്റ് എന്നിവയുടെ ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ നിർവഹിച്ചു. ലോകോത്തര നിലവാരത്തിലുള്ള പ്രസവ ചികിത്സയും ശുശ്രൂഷയും അമ്മയ്ക്കും കുഞ്ഞിനും നൽകുക, അണുബാധ കുറയ്ക്കുക, പ്രസവ സമയത്തു അമ്മയ്ക്കും കുഞ്ഞിനും മെച്ചപ്പെട്ട സംരക്ഷണം, പ്രസവാനന്തര ശുശ്രൂഷ, ലേബർറൂം, ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിവിഭാവനം ചെയ്യുന്നത്. ഇതോടൊപ്പം അത്യാഹിത സാഹചര്യങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രത്യേക പരിശീലനം നൽകിയ വിദഗ്ദ്ധ ജീവനക്കാർ, ഓപ്പറേഷൻ തീയറ്ററിലേക്ക് എത്തുന്നതിനു മുന്നേയുള്ള പ്രീ – അനസ്തേഷ്യ ചെക് അപ്പ് റൂം, വിശാലമായ ലേബർ റൂം സൗകര്യങ്ങൾ എന്നിവയും ലക്ഷ്യയുടെ ഭാഗമാണ്. ലക്ഷ്യയുടെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം അനുവദിച്ച 1 കോടി 88 ലക്ഷം രൂപ ചെലവഴിച്ച് മേൽ പറഞ്ഞ എല്ലാവിധ സൗകര്യങ്ങളോടും കൂടി അതിനൂതനമായ രീതിയിൽ സജ്ജമാക്കിയ രു അത്യാധുനിക ഓപ്പറേഷൻ തീയറ്റർ, പോസ്റ്റ് – ഓപ്പറേറ്റീവ് വാർഡുകൾ, നേഴ്സിങ് സ്റ്റേഷനുകൾ, ജീവനക്കാർക്കുള്ള റൂമുകൾ, രോഗിയുടെ കൂട്ടിരിപ്പുകാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ, സുഖപ്രസവത്തിനായുള്ള പ്രത്യേക വാർഡും സൗകര്യങ്ങളും, തുടങ്ങിയവയാണ് പൊതുജനങ്ങൾക്കായി ഉദ്ഘാടനം ചെയ്യപ്പെടുന്നത്.

കേരളത്തിൽ ജീവിതശൈലി രോഗികളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ ജീവിതശൈലി രോഗനിർണയത്തിനും രോഗത്തെ സംബന്ധിച്ചു കൂടുതൽ അവബോധം സൃഷ്ടിച്ചു രോഗികളുടെ എണ്ണം നിയന്ത്രിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് 360 ഡിഗ്രി എൻ.സി.ഡി ക്ലിനിക്. ആശുപത്രിയിലേക് എത്തുന്ന രോഗികൾക്ക് ജീവിതശൈലി രോഗങ്ങളായ രക്താദിമർദം, പ്രമേഹം തുടങ്ങി എല്ലാം ഒരൊറ്റ കുടക്കീഴിൽ സ്ക്രീൻ ചെയ്യുവാനും, രോഗമുള്ളവർക്കു ചികിത്സ, മരുന്ന് ഒപ്പം ആവശ്യമായ തുടർചികിത്സയും സാധ്യമാക്കുന്നതാണ് 360 ഡിഗ്രി എൻ.സി.ഡി ക്ലിനിക്. ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ച 45 ലക്ഷം രൂപ ചെലവഴിച്ചാണ് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ 360 ഡിഗ്രി എൻ.സി.ഡി ക്ലിനിക്ക് പ്രവർത്തനം ആരംഭിക്കുന്നത്.

ഓപ്പൺ ജിം തുറന്നു

# മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തു



എരുമേലി: ആർത്തവ ശുചിത്വത്തിൽ പ്രകൃതി സൗഹൃദമായി മാറാൻ എരുമേലിയിൽ ആദ്യഘട്ടമായി 184 വനിതകൾക്ക് സൗജന്യമായി മെൻസ്ട്രുവൽ കപ്പ് വിതരണം നടന്നു. ഒപ്പം ബോധവൽക്കരണ ക്ലാസും നടത്തി. ഇതോടൊപ്പം എരുമേലി കുടുംബ ആരോഗ്യ കേന്ദ്രത്തിൽ ജിമ്മിന്റെ പ്രവർത്തനവും ആരംഭിച്ചു. വിവിധ ജീവിത ശൈലി രോഗങ്ങൾ മൂലം ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവരിൽ ഇത് മറികടക്കാൻ വ്യായാമം നടത്താൻ ഡോക്ടർ ശുപാർശ ചെയ്തവർക്ക് വേണ്ടി ആണ് ജിമ്മിന്റെ സേവനം.

കോട്ടപ്പറമ്പ് ആശുപത്രിയിൽ മുലപ്പാൽ പരിപാലന കേന്ദ്രം

# അമ്മിഞ്ഞമധുരം നവജാത ശിശുക്കൾക്ക്



കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിൽ മുലപ്പാൽ പരിപാലന കേന്ദ്രം ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു.

കോഴിക്കോട്: കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിൽ മുലപ്പാൽ പരിപാലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. ആരോഗ്യമന്ത്രി വീണാ ജോർജ് ലാക്റ്റേഷൻ മാനേജ്മെൻറ് യൂണിറ്റിന്റെ (LMU) ഉദ്ഘാടനം നിർവഹിച്ചു. മാസം തികയാതെ ജനിച്ച തീവ്രപരിചരണവിഭാഗത്തിൽ പ്രവേശിക്കപ്പെട്ട കുഞ്ഞുങ്ങൾക്ക് നേരിട്ട് മുലയൂട്ടാൻ സാധിക്കാത്ത പക്ഷം അമ്മമാർക്ക് ലാക്റ്റേഷൻ മാനേജ്മെൻറ് യൂണിറ്റിൽ എത്തുകയും അവർക്ക് പ്രത്യേകമായി സജ്ജീകരിച്ച സ്ഥലത്ത് ബ്രെസ്റ്റ് പമ്പിന്റെ സഹായത്തോടെ മുലപ്പാൽ ശേഖരിച്ച് ആവശ്യാനുസരണം അവരുടെ കുഞ്ഞുങ്ങൾക്ക് നൽകുന്ന സംവിധാനമാണ് ലാക്റ്റേഷൻ മാനേജ്മെൻറ് യൂണിറ്റ്.

ഒരു നവജാത ശിശുവിന് ആവശ്യമായ എല്ലാ പോഷകങ്ങളും അടങ്ങിയതാണ് മുലപ്പാൽ. കുഞ്ഞിന്റെ രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കാനും ബുദ്ധി വികാസത്തിനും ശരീരോഷ്മാവ് നിലനിർത്താനും തൂക്കം വർദ്ധിപ്പിക്കാനും എല്ലാം തന്നെ മുലപ്പാൽ അത്യന്താപേക്ഷിതമാണ്. കൂടാതെ കുഞ്ഞുങ്ങൾക്ക് വരാൻ സാധ്യതയുള്ള ഒട്ടു മിക്ക രോഗങ്ങളെയും ഒരളവ് വരെ പ്രതിരോധിക്കാനുള്ള പ്രാപ്തിയുള്ളതുമാണ് മുലപ്പാൽ. അതുകൊണ്ട് തന്നെ ആദ്യത്തെ 6 മാസക്കാലം കുട്ടിക്ക് മുലപ്പാൽ മാത്രമാണ് നൽകേണ്ടത്.

എന്നാൽ ചില സന്ദർഭങ്ങളിൽ മാസം തികയാതെയുള്ളതും, ഭാരക്കുറവുള്ളതും, രോഗികളുമായ നവജാത ശിശുക്കൾക്ക് അമ്മയുടെ പാൽ സാധാരണയായി ലഭിക്കുന്നില്ല ഇത്തരം സാഹചര്യത്തിൽ മുലപ്പാലിന് പകരമായി കൃത്രിമ പാൽ കൊടുക്കേണ്ടതായി വരുന്നു. എന്നാൽ ഇത് കുഞ്ഞിന് അണുബാധ, അലർജി, വയറിളക്കം തുടങ്ങിയവ വരുത്താനുള്ള സാധ്യത കൂടുതലാണ്. ഇത്തരം സന്ദർഭങ്ങളിൽ ആണ് മുലപ്പാൽ ബാങ്കിന്റെയും മുലപ്പാൽ പരിപാലന കേന്ദ്രത്തിന്റെയും ആവശ്യകത അനിവാര്യമാകുന്നത്. ഇത്തരത്തിൽ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട നവജാതശിശുക്കളുടെ മെച്ചപ്പെട്ട അതിജീവനത്തിനും ക്ഷേമത്തിനും വേണ്ടി എല്ലാ കുഞ്ഞുങ്ങൾക്കും സുരക്ഷിതമായ മുലപ്പാൽ തുടർച്ചയായി വിതരണം ചെയ്യേത് ആവശ്യമാണ്.

എല്ലാ കുഞ്ഞുങ്ങൾക്കും മുലപ്പാൽ ലഭ്യത സാർവ്വത്രികമാക്കുന്നതിനുള്ള കേന്ദ്രമായ കോമ്പ്രഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെൻറ് സെൻ്റർ (CLMC) പ്രവർത്തിക്കുന്നത് കോഴിക്കോട് ഗവ. മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിലാണ്. ഓരോ അമ്മയ്ക്കും മുലയൂട്ടലിനെ കുറിച്ചുള്ള കൃത്യമായ പരിശീലനവും അവബോധവും എൽ.എം.യു വിലൂടെ നൽകുന്നു.




വൈവിധ്യമേറിയ പരിപാടികളുമായി

# ലോക മലമ്പനി ദിനാചരണം നടത്തി



കോട്ടയം: ലോക മലമ്പനി ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. മലമ്പനി നിവാരണം യാഥാർത്ഥ്യമാക്കാം. പുനർ നിക്ഷേപിക്കാം, പുനർവിചിന്തനം നടത്താം, പുനരുജ്ജ്വലിപ്പിക്കാം എന്ന സന്ദേശം ഉയർത്തിയാണ് ഈ വർഷം ലോക മലമ്പനി ദിനാചരണം നടത്തുന്നത്. ജില്ലാതല ഉദ്ഘാടനം കടുത്തുരുത്തി എം.എൽ.എ മോൻസ് ജോസഫ് നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് ജോൺസൺ കൊട്ടുകാപ്പള്ളി അധ്യക്ഷത വഹിച്ച യോഗത്തിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് കോമളവല്ലി രവീന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ മലേറിയ ഓഫീസർ ഗോപകുമാർ ലോക മലമ്പനി ദിനാചരണ സന്ദേശം നൽകി. ജില്ലാ ആർസിഎച്ച് ഓഫീസർ ഡോക്ടർ കെ ജി സുരേഷ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു കോട്ടയം മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് അസിസ്റ്റൻ്റ് പ്രൊഫസർ ഡോക്ടർ നെറ്റോ ജോർജ് മാസ് മീഡിയ ഓഫീസർ ജെയിംസ് സി ജെ എന്നിവർ വിഷയാവതരണം നടത്തി.

വിളംബര റാലി, തലയോലപ്പറമ്പ് ജൂനിയർ പബ്ലിക് നേഴ്സ് സ്കൂളിലെ വിദ്യാർഥിനികൾ നടത്തിയ ഫ്ളാഷ് മോബ്, മധുരമേറും അറിവുകൾ പകരുന്ന ആരോഗ്യ ക്വിസ്, അതിഥി സംസ്ഥാന തൊഴിലാളികളുടെ മലമ്പനി പരിശോധന എന്നീ പരിപാടികൾ ദിനാചരണത്തിന് മിഴിവേകി. ആരോഗ്യ പ്രവർത്തകരോടൊപ്പം ആശ അംഗൻവാടി കുടുംബശ്രീ പ്രവർത്തകർ ഹരിത കർമ്മ സേനാംഗങ്ങൾ തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ നേഴ്സിങ് സ്കൂൾ വിദ്യാർത്ഥികൾ സെൻ്റ് സേവിയേഴ്സ് ഹയർ സെക്കൻഡറി സ്കൂൾ എൻഎസ്എസ് വിദ്യാർത്ഥികൾ സാമൂഹിക സന്നദ്ധ സംഘടന പ്രവർത്തകർ എന്നിവർ ദിനാചരണത്തിൽ സംബന്ധിച്ചു ആരോഗ്യ ക്വിസ്സിൽ കല്ലറ ഗ്രാമപഞ്ചായത്തിലെ ആശാ പ്രവർത്തകർ സബീന കെ ബ്രഹാം ഒന്നാം സമ്മാനം നേടി.

എന്റെ കേരളത്തിന് ആവേശമായി

# ആടിയും പാടിയും ആശാ സംഗമം



കോട്ടയം: ആടിയും പാടിയും ആശാ വർക്കർമാരും ആരോഗ്യ പ്രവർത്തകരും എന്റെ കേരളം പ്രദർശന മേള ആവേശകരമാക്കി. രണ്ടാം പിണറായി വിജയൻ മന്ത്രിസഭയുടെ നാലാം വാർഷികത്തിന്റെ ഭാഗമായി എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഭാഗമായി ആരോഗ്യ വകുപ്പ് നടത്തിയ ആശ – ആരോഗ്യ പ്രവർത്തക സംഗമത്തിലാണ് ജീവനക്കാരും ആശാപ്രവർത്തകരും കലാവിരുന്നൊരുക്കിയത്. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ സംഗമം ഉദ്ഘാടനം ചെയ്തു.

പാലാ ജനറൽ ആശുപത്രിയിലെ ഡോക്ടർമാരടക്കമുള്ള ജീവനക്കാർ അവതരിപ്പിച്ച സുംബാ നൃത്തത്തിനൊപ്പം സദസ്സിലിരുന്നവരും ആവേശത്തോടെ ചുവടുവെച്ചു.

ബ്രഹ്മമംഗലം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർ അവതരിപ്പിച്ച സംഘനൃത്തവും തിരുവാർപ്പ് കുടുംബാരോഗ്യ കേന്ദ്രത്തിലെ ജ്യോതി ഹരികുമാറിന്റെ ഫ്യൂഷൻ ഡാൻസും വെളിയന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള ആശാ പ്രവർത്തക സ്നേഹാ സജിയുടെ നാടോടിനൃത്തവും കൈയ്യടികളോടെയാണ് സദസ്സ് ഏറ്റെടുത്തത്.

ഡി.എം.ഒ. ഓഫീസ് ജീവനക്കാരൻ മാത്യു, കടുത്തുരുത്തി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അപർണ്ണ, എയ്ഞ്ചൽ ജെയിംസ്, ദേശീയ ആരോഗ്യ പദ്ധതി പി. ആർ.ഒ. അഭിലാഷ് രാജേന്ദ്രൻ, നെടുംകുന്നം കുടുംബാരോഗ്യ കേന്ദ്രത്തിലെ ആശാ പ്രവർത്തക ലത, സചിവോത്തമപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആശാ പ്രവർത്തക ഫിനിമോൾ, ഉള്ളനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആശാ പ്രവർത്തക തുളസി ബിജു, കോട്ടയം ടി.ബി. സെൻ്ററിലെ ജീവനക്കാരി മിനി, പനച്ചിക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരി ദിവ്യ എന്നിവർ ഗാനമാലപിച്ചു. വാകത്താനം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആശാ പ്രവർത്തക സുരേഖ കവിത ചൊല്ലി.

രോഗപ്രതിരോധ കുത്തിവെപ്പ് നൽകാം

# അടുത്ത തലമുറക്ക് വേണ്ടി



കോട്ടപ്പാടം കുടുംബാരോഗ്യ കേന്ദ്രത്തിൽ സംഘടിപ്പിച്ച ലോക ഇമ്മ്യൂണൈസേഷൻ വാരാചരണത്തിന്റെ ജില്ലാതല പരിപാടി ഉദ്ഘാടനം

പാലക്കാട്: രോഗപ്രതിരോധ കുത്തിവെപ്പിനോട് വിമുഖത കാണിക്കാതെ കൂടുതൽ ശ്രദ്ധ നൽകണമെന്നും ഇത് നമ്മൾ അടുത്ത തലമുറയോട് ചെയ്യേണ്ട ഉത്തരവാദിത്തമാണെന്നും അഡ്വ. എൻ. ഷംസുദ്ദീൻ എം.എൽ.എ. കോട്ടപ്പാടം കുടുംബാരോഗ്യ കേന്ദ്രത്തിൽ വച്ച് സംഘടിപ്പിച്ച ലോക ഇമ്മ്യൂണൈസേഷൻ വാരാചരണത്തിന്റെ ജില്ലാതല പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എം.എൽ.എ. ജില്ലയിൽ പ്രതിരോധ കുത്തിവെപ്പ് ശതമാനം ഏറ്റവും കുറഞ്ഞ ഹെൽത്ത് ബ്ലോക്കുകളിലൊന്നായ അലനല്ലൂരിൽ ഇതുമായി ബന്ധപ്പെട്ട സജീവമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്.

2025 ഏപ്രിൽ 24 മുതൽ 30 വരെ ലോകമെമ്പാടും ആചരിക്കുന്ന ലോക ഇമ്മ്യൂണൈസേഷൻ വാരം പകർച്ച വ്യാധികൾക്കെതിരെ പ്രതിരോധം സൃഷ്ടിക്കാൻ ഏറ്റവും സുസ്ഥിരമായ മാർഗ്ഗം പ്രതിരോധ കുത്തിവെപ്പ് മാത്രമാണെന്ന സന്ദേശം ഉയർത്തിപ്പിടിക്കുന്നു. ഗർഭിണി ആയിരിക്കുമ്പോൾ മുതൽ കൃത്യമായ ഇടവേളകളിൽ ഉചിതമായ വാക്സിനുകൾ സ്വീകരിച്ച് സംരക്ഷണം ഉറപ്പുവരുത്തണം.

വാരാചരണത്തോടൊപ്പം ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ കോട്ടോപ്പാടം കുടുംബാരോഗ്യ കേന്ദ്രത്തിലെ വിഷൻ സെന്ററിന്റെ ഉദ്ഘാടനവും എം.എൽ.എ. നിർവഹിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നവീകരിച്ച ലബോറട്ടറിയുടെ ഉദ്ഘാടനം മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡ് വി. പ്രീത നിർവഹിച്ചു. വാരാചരണത്തോടനുബന്ധിച്ച് പ്രതിരോധ കുത്തിവപ്പുകൾ പൂർണമായും സ്വീകരിച്ച രണ്ടു വയസ്സിന് താഴെയുള്ള കുട്ടികൾക്കായി കുടുംബാരോഗ്യ കേന്ദ്രത്തിൽ വച്ച് സംഘടിപ്പിച്ച ഹെൽത്തി ബേബി മത്സര വിജയികൾക്കുള്ള സമ്മാനദാനവും പ്രസിഡന്റ് നിർവഹിച്ചു.

# ആശാ പ്രവർത്തകരെ ആദരിച്ചു



എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഭാഗമായി ആരോഗ്യ വകുപ്പ് നടത്തിയ ആശ – ആരോഗ്യ പ്രവർത്തക സംഗമത്തിൽ ആശാപ്രവർത്തകരെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത പ്രേം സാഗർ ആദരിക്കുന്നു.

കോട്ടയം: ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മികവ് തെളിയിച്ച ആശാ പ്രവർത്തകരെ സംഗമത്തിൽ ആദരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത പ്രേംസാഗർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ എന്നിവർ മെഡലുകൾ അണിയിച്ചു. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. വ്യാസ് സുകുമാരൻ ചടങ്ങിൽ പങ്കെടുത്തു.

## എന്റെ കേരളം... ആരോഗ്യം ആനന്ദം... ആരോഗ്യ വകുപ്പ് സ്റ്റാളുകളിലൂടെ...

